005514

കേരള സർക്കാർ

**സംഗ്രഹം**

സഹകരണ വകുപ്പ് - കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ ബാങ്ക് വായ്പകളിലെ പലിശ ബാധ്യത എഴുതിത്തള്ളുന്നതിനായി സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (പാർലമെന്റ്) വകുപ്പ്**

സ.ഉ.(സാധാ) നം.56/16/സഹ. തീയതി, തിരുവനന്തപുരം, 29.01.2016

---

പരാമർശം :- 1 സ.ഉ (എം.എസ്) നം. 298/14/ആ.ക.വ തീയതി 10.10.2014

2 സഹകരണ സംഘം രജിസ്ട്രാറുടെ 28.12.2015 തീയതിയിലെ സി.ജി(2) 43845/2015 നമ്പർ കത്ത്

3 കാസർഗോഡ് ജില്ലാ കളക്ടറുടെ 15.12.2015 തീയതിയിലെ ഇ.സി. 1-15959/13 നമ്പർ കത്ത്

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിന് മാനദണ്ഡങ്ങൾ ബാധകമാക്കിക്കൊണ്ട് സർക്കാർ പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ദുരിത ബാധിതർക്ക് വായ്പയുടെ മുതൽ തുക സർക്കാർ അനുവദിക്കാമെന്നും, പലിശ ബന്ധപ്പെട്ട ബാങ്കുകൾ ഒഴിവാക്കി നൽകണമെന്നുമുള്ള ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശം കാസർഗോഡ് ജില്ലയിലെ ബാങ്ക് അധികൃതരുമായി ജില്ലാ കളക്ടർ നടത്തിയ കൂടിക്കാഴ്ചയിൽ ദേശസാൽകൃത /ഷെഡ്യൂൾഡ് ബാങ്കുകൾ അംഗീകരിക്കുകയുണ്ടായി. എന്നാൽ വായ്പയുടെ പലിശ ബാധ്യത ഏറ്റെടുക്കുന്നതിന് സർക്കാർ പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കണമെന്ന സഹകരണ ബാങ്കുകളുടെ ആവശ്യം സഹകരണ സംഘം രജിസ്ട്രാർ സർക്കാരിന്റെ മുമ്പാകെ സമർപ്പിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൻ പ്രകാരം കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിതരുടെ വായ്പകളിൻമേലുള്ള പലിശ അതാതു ബാങ്കുകൾ എഴുതിത്തള്ളുന്നതിനും തദ്വാര ഉണ്ടാകുന്ന പലിശ നഷ്ടം ഏറ്റെടുക്കുന്നതിനും ബന്ധപ്പെട്ട സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**പി.വേണുഗോപാൽ**
ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
2. ജില്ലാ കളക്ടർ, കാസർഗോഡ്
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ എ&ഇ/ഓഡിറ്റ്, തിരുവനന്തപുരം
4. സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ), കാസർഗോഡ്
5. ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : 1) മുഖ്യമന്ത്രിയുടെ പ്രസ് സെക്രട്ടറി/ പ്രൈവറ്റ് സെക്രട്ടറിക്ക്

2) സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

3) സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്